# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2024 ഓക്ടോബർ 8**

---

## ബൗദ്ധിക സ്വത്തവകാശം; സെമിനാർ നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിന്റെ ആഭിമുഖ്യത്തിൽ ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ച് സംഘടിപ്പിച്ച സെമിനാർ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

എൻ.ഐ.പി.ഒ പ്രസിഡന്റ് പ്രഫ. ടി.സി ജെയിംസ്, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രഫസർ ഡോ. കവിത ചക്കാലയ്ക്കൽ, ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ഇൻഡസ്ട്രിയൽ ഡവലപ്മെൻറിലെ അസോസിയേറ്റ് പ്രഫസർ റെജി കെ. ജോസഫ്, കെ.എസ്.സി.ടി.ഇയിലെ പ്രോജക്ട് സയൻറിസ്റ്റ് ഡോ. ആർ. ആശ, ഡോ.പി.എം. ആരതി എന്നിവർ വിഷയം അവതരിപ്പിച്ചു.

ഡോ. എം.വി. ബിജുലാൽ, ഡോ. ജോജിൻ വി. ജോൺ, കെ.വി. ആതിര, സെമിനാർ കോ–ഓർഡിനേറ്റർ ഡോ. അപർണ ഈശ്വരൻ, സ്റ്റുഡന്റ് കോ–ഓർഡിനേറ്റർ സി. മുഹമ്മദ് സുഹൈൽ എന്നിവർ സംസാരിച്ചു.

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഇൻറലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് ഇൻഫർമേഷൻ സെൻറർ കേരളയുടെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.

(പി.ആർ.ഒ/39/900/2024)

## കരാർ നിയമനം

മഹത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിൽ ഒരൊഴിവിൽ (ഇ/ബി/റ്റി) ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത കമ്പ്യൂട്ടർ എൻജിനീയറിംഗിലോ കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസിലെ മൂന്നു വർഷ പോളിടെക്നിക് ഡിപ്ലോമയും പ്രവൃത്തിപരിചയവും. 2024 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും. ada7@mgu.ac.in

എന്ന ഇമെയിൽ വിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. ഫോൺ–8078786798, 0481 2733292.

(പി.ആർ.ഒ/39/901/2024)

## ഓൺലൈൻ എംബിഎ കോഴ്സ് മെന്റർ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഓൺലൈൻ എജ്യുക്കേഷനിൽ ഓൺലൈൻ എം.ബി.എ പ്രോഗ്രാമിന്റെ കോഴ്സ് മെന്റർ എന്ന താത്കാലിക തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒ.ബി.സി, ഒപ്പൺ വിഭാഗങ്ങളിൽ സംവരണം ചെയ്യപ്പെട്ട ഒരോ ഒഴിവുകൾ വീതമാണുള്ളത്. ഒരു വർഷത്തേക്കാണ് നിയമനം പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവനം രണ്ടു വർഷം കൂടി ദീർഘിപ്പിക്കാൻ ഇടയുണ്ട്.

കുറഞ്ഞത് 55 ശതമാനം മാർക്കോടെ എം.ബി.എയും യുജിസി/സിഎസ്ഐആർ–നെറ്റ് യോഗ്യതയോ പിഎച്ച്ഡിയോ ഉള്ളവരെയാണ് പരിഗണിക്കുന്നത്. പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് എംബിഎയ്ക്ക് 50 ശതമാനം മാർക്ക് മതിയാകും. പ്രായപരിധി 2023 ജനുവരി ഒന്നിന് 50 വയസ്. നിയമാനുസൃത വയസിളവ് അനുവദിക്കും.

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ada7@mgu.ac.in എന്ന വിലാസത്തിലേക്ക് വിജ്ഞാപനത്തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ലഭിക്കും വിധം അയ്ക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/902/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ.എൽ.ബി (2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്–അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾക്ക് ഒക്ടോബർ 21 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 24 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 26 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/903/2024)

## ഡിമെൻഷ്യ കെയർ ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും പാലാ ഡിമെഷ്യ കെയറും സംയുക്തമായി നടത്തുന്ന ഇൻ ഡിമെൻഷ്യ കെയർ ആന്റ് കൗൺലിംഗ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ഡിപ്ലോമ കോഴ്സ് ഒരു വർഷവും സർട്ടിഫിക്കറ്റ് കോഴ്സ് ആറു മാസവുമാണ്. യോഗ്യത പ്ലസ് ടു അല്ലെങ്കിൽ പ്രീഡിഗ്രി.

ഡിപ്ലോമ കോഴ്സിന് ഉയർന്ന പ്രായപരിധി 50 വയസ്സ് ഡിമെൻഷ്യ കെയർ ആന്റ് കൗൺസലിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയിച്ചവരെയും പരിഗണിക്കും. സർട്ടിഫിക്കറ്റ് കോഴ്സിന് പ്രായപരിധിയില്ല. ഫോൺ –9288757184,9447226779 ഇമെയിൽ– iudsmgu@mgu.ac.in.

(പി.ആർ.ഒ/39/904/2024)

## റെഗുലർ ഫുൾ ടൈം ഹൃസ്വകാല പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന റഗുലർ ഫുൾ ടൈം ഹൃസ്വകാല പ്രോഗ്രാമായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്–സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. വിശദ വിവരങ്ങൾ www.dasp.mgu.ac.in എന്ന വെബ്സൈറ്റിൽ. ഫോൺ–8078786798, 0481 2733292

(പി.ആർ.ഒ/39/905/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**